## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2249 — 23.01.2014-ൽ മറുപടിയ്ക്ക്

# രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) 'രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ' യോജന പ്രകാരം മലപ്പുറം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; | (എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം മലപ്പുറം ജില്ലയിൽ, വില്ലേജ് ഇലക്ട്രിഫിക്കേഷൻ ഇൻഫ്രാസ്ട്രക്ച്ചർ (VEI) പാക്കേജിൽ ഉൾപ്പെടുത്തി വിവിധ ഗ്രാമീണ പ്രദേശങ്ങളിലായി 182.71 കി. മീറ്റർ 11 കെ. വി ലൈൻ നിർമ്മിച്ച്, 330 എണ്ണം 25 കെ. വി. എ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 437.613 കി. മീറ്റർ എൽ. റ്റി. ലൈനുകൾ നിർമ്മിച്ച് 7897 ബി. പി. എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനും, റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക് ബോൺ (REDB) പാക്കേജ് പ്രകാരം മങ്കടയിൽ 2.5 കി. മീറ്റർ 66 കെ. വി. ലൈൻ നിർമ്മിച്ച് ഒരു 66 കെ. വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. |
| (ബി) ജില്ല യിലെ ആദിവാസി മേഖലകളിൽ വൈദ്യുതി എത്തിച്ചേരാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) വൈദ്യുതി എത്തിച്ചേരാത്ത ആദിവാസി കോളനികളിൽ ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുലിമുണ്ട, മുണ്ടക്കടവ്, പുട്ടാട, പുലക്കപ്പാറ, പുഞ്ചകൊല്ലി, പാലക്കൽ, കുമ്പളപ്പാറ, വരാങ്കുണ്ട്, മരമ്പറ്റ എന്നീ 9 കോളനികൾ വൈദ്യുതീകരിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 1,43,09,760/- രൂപ ലഭ്യമായിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രദേശങ്ങളെ ആർ. ജി. ജി. വി. വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ ? | (സി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.